**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 525** **10-02-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - മൂപ്പൻ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 09/11/2018-ലെ PWD006-30-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 20.27 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മൂപ്പൻ റോഡിന് 22/10/2022-ന് 25.445 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. എന്നാൽ സാങ്കേതികാനുമതി തുക ധനാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 13/03/2023-ൽ നടന്ന 41-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റി ടെണ്ടർ അംഗീകരിക്കുകയും 11/10/2023-ന് കിഫ്ബി 25.445 കോടി രൂപയ്ക്ക് പുതുക്കിയ ധനാനുമതി നൽകുകയും ചെയ്തിരുന്നു. 07/12/2023- ന് PRICE മുഖേന കരാറുകാരന് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് (LoA) നൽകിയിരുന്നെങ്കിലും, ആവശ്യമായ രേഖകളും സെക്യൂരിറ്റി തുകകളും സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി റീ-ടെണ്ടർ ചെയ്തിരുന്നു. 05/08/2024-ന് നടന്ന 52-ാമത് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ, 03/10/2024 തീയതിയായുള്ള കരാർ ഉടമ്പടി പ്രകാരം നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും നിലവിൽ കലുങ്ക്, അരികുചാൽ എന്നിവയുടെ നിർമ്മാണം പുരോഗമിച്ച് വരികയുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള അനുമതി കിഫ്ബി നൽകേണ്ടതുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഡിസൈൻ റിവ്യൂ നിലവിൽ കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ പുരോഗമിച്ച് വരികയാണ്. പ്രവൃത്തി കോൺട്രാക്ടർ ഏറ്റെടുത്തതിന് ശേഷം നടത്തിയ മണ്ണ് പരിശോധനയിൽ പ്രസ്തുത റോഡിന്റെ CBR (California Bearing Ratio) വളരെ കുറവാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പേവ്മെന്റ് ഡിസൈനും ഗ്രൗണ്ട് മെച്ചപ്പെടുത്തൽ രീതിയും പരിഷ്കരിക്കേണ്ടതുണ്ടെന്നും, ആയത് ജിയോ |

| | | | |
|---|---|---|---|
| | | | ടെക്നിക്കൽ വിദഗ്ധരുടെ മാർഗനിർദ്ദേശങ്ങളനുസരിച്ച് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ പുരോഗമിച്ച് വരികയാണ്. ഡിസൈൻ അവലോകനം പൂർത്തീകരിച്ച് പുതുക്കിയ ഡിസൈൻ കിഫ്ബി സാങ്കേതിക അവലോകന വിഭാഗം നിർവ്വഹണ ഏജൻസിക്ക് കൈമാറുന്ന മുറയ്ക്ക് റോഡ് നിർമ്മാണ പ്രവൃത്തിയും ആരംഭിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ